മെഡിക്കൽ അലവൻസ്

86 (1826) ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പെൻഷൻകാർക്ക് പ്രതിവർഷം എത്ര തുക മെഡിക്കൽ അലവൻസ് ഇനത്തിൽ നൽകുന്നുണ്ട്;

(ബി) സർക്കാർ ജീവനക്കാർക്കും, സർക്കാരിൽ നിന്നും, ചികിത്സാ ആനുകൂല്യം കൈപ്പറ്റുന്ന മറ്റ് വിഭാഗങ്ങൾക്കുമായി പ്രതിവർഷം മെഡിക്കൽ റീഇംബേഴ്സ്മെന്റ് ഇനത്തിൽ എത്ര തുക നല്കിവരുന്നുണ്ട്;

(സി) മറ്റു ജനങ്ങളുടെ ചികിത്സാ ഇൻഷ്വറൻസ് പദ്ധതികൾക്കായി പ്രതിവർഷം എത്ര തുക സർക്കാർ ഫണ്ടിൽ നിന്നും ചെലവാകുന്നുണ്ട്;

(ഡി) അതിഭീമമായ തുക ഓരോ വർഷവും ചെലവഴിക്കേണ്ടി വരുന്ന സാഹചര്യത്തിൽ എല്ലാ വിഭാഗത്തിനുമുള്ള ചികിത്സാ ഇൻഷ്വറൻസ് സൗകര്യം ഏർപ്പെടുത്തുന്നതിലേയ്ക്ക് സർക്കാർ ആഭിമുഖ്യത്തിൽ ഒരു ഇൻഷ്വറൻസ് കമ്പനി ആരംഭിക്കുന്ന കാര്യം പരിഗണിക്കുമോ?

ഉത്തരം

(എ)

(തുക കോടിയിൽ)

2011-12	—	133.67
2012-13	—	117.53
2013-14	—	124.44
2014-15	—	128.42

(ബി) സർക്കാർ ജീവനക്കാരുടെ മെഡിക്കൽ റീഇംബേഴ്സ്മെന്റ് പദ്ധതിയിലെ ചെലവ് താഴെപ്പറയും പ്രകാരമാണ് :

(തുക കോടിയിൽ)

2011-12	—	34.66
2012-13	—	38.39
2013-14	—	43.19
2014-15	—	43.39

LIBRARY ARCHIVES Kerala Legislative Assembly

മറ്റ് വിഭാഗങ്ങൾക്ക് സർക്കാരിൽ നിന്നും മെഡിക്കൽ റീഇംബേഴ്സ്മെന്റ് ഇനത്തിൽ തുക അനുവദിക്കുന്നില്ല.

(സി) RSBY & CHIS എന്നീ പദ്ധതിയിലായുള്ള ചെലവ് താഴെപ്പറയും പ്രകാരമാണ്:

(തുക കോടിയിൽ)

2011-12 -	103.89
2012-13 -	229.22
2013-14 -	165.07
2014-15 -	273.28

(ഡി) ഇപ്പോൾ പരിഗണനയിലില്ല.

റബ്ബറിന്റെ വിലയിടിവ്

87 (*T 1827) ശ്രീ. മോൻസ് ജോസഫ്:
ശ്രീ. തോമസ് ഉണ്ണിയാടൻ:
ശ്രീ. റ്റി. യു. കുരുവിള:
ശ്രീ. സി. എഫ്. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) റബ്ബറിന്റെ വിലയിടിവും മറ്റ് കാരണങ്ങളുംമൂലം കർഷകർ നേരിടുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനും, വിലസ്ഥിരത ഉറപ്പ് വരുത്തുന്നതിനും സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത വിഷയത്തിൽ കേന്ദ്ര സർക്കാരിനോട് സഹായം അഭ്യർത്ഥിച്ചിട്ടുണ്ടോ;

(സി) റബ്ബറിന്റെ വിലയിടിവ് തടയുന്നതിനും റബ്ബർ കർഷകരുടെ ക്ഷേമത്തിനുമായി അടിയന്തരനടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് സ്വാഭാവിക റബ്ബറിന്റെ വില താഴ്ന്ന നിന്ന സാഹചര്യത്തിൽ, റബ്ബർ കർഷകർ നേരിടുന്ന പ്രതിസന്ധി തരണം ചെയ്യുന്നതിനും, കർഷകരെ സഹായിക്കുന്നതിനുമായി വിപണിയിൽ ഇടപെട്ട് റബ്ബർ

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

LIBRARY ARCHIVES Kerala Legislative Assembly